REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 01-09-2025** **സമയം 06.45 AM**

## പ്രധാന വാർത്തകൾ

- പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഷാങ്ഹായ് കോർപറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയുടെ പ്രാരംഭ സമ്മേളനത്തെ അഭിസംബോധന ചെയ്യും.
- സംസ്ഥാനത്ത് ഒരിക്കലും നടപ്പാകില്ലെന്ന് കരുതിയ പല പദ്ധതികളും കിഫ്ബി സഹായത്തോടെ പ്രാവർത്തികമാക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ.
- 15-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനം സെപ്റ്റംബർ 15 ന് ആരംഭിക്കും.
- യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് അധിക ആഭ്യന്തര സർവീസുകൾക്ക് ഇന്ന് തുടക്കമാവും.
- ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൽ ഇന്ത്യയ്ക്ക് തുടർച്ചയായ രണ്ടാം ജയം.

## വാർത്തകൾ വിശദമായി

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഷാങ്ഹായ് കോർപറേഷൻ ഓർഗനൈസേഷൻ ഉച്ചകോടിയുടെ പ്രാരംഭ സമ്മേളനത്തെ അഭിസംബോധന ചെയ്യും. ഷാങ്ഹായ് കോർപറേഷനു കീഴിൽ പ്രാദേശിക സഹകരണം വർദ്ധിപ്പിക്കണമെന്ന ഇന്ത്യൻ നിലപാട് ടിയാൻജിൻ ഉച്ചകോടിയിൽ അദ്ദേഹം അവതരിപ്പിക്കുമെന്ന് വിദേശകാര്യസെക്രട്ടറി വിക്രം മിസ്രി മാധ്യമങ്ങളെ അറിയിച്ചു. പ്രാരംഭ സമ്മേളനത്തിനു ശേഷം നരേന്ദ്രമോദി റഷ്യൻ പ്രസിഡണ്ട് വ്ലാഡിമിർ പുടിനുമായി ഉഭയകക്ഷി ചർച്ച നടത്തും.

**ഡെസ്ക്ക് റിപ്പോർട്ട്**

**.....(വോയ്സ്)...........**

**ഇന്നലെ ചൈനീസ് പ്രസിഡണ്ട് ഷി ജിൻ പിങ്ങുമായി ഇരുരാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷിബന്ധങ്ങൾ പുതുക്കുന്നതിൽ കേന്ദ്രീകരിച്ച് പ്രധാനമന്ത്രി നരേന്ദ്രമോദി ചർച്ച നടത്തിയതായി മിസ്രി പറഞ്ഞു. ഉഭയകക്ഷിബന്ധങ്ങൾ ശക്തിപ്പെടുത്താൻ അതിർത്തിയിലെ സമാധാനത്തിന്റെയും, ശാന്തിയുടെയും പ്രാധാന്യം പ്രധാനമന്ത്രി എടുത്തുപറഞ്ഞു. അതിർത്തിയിൽ സംഘർഷം ഒഴിവാക്കിയാൽ മാത്രമേ ബന്ധങ്ങൾ ശരിയായ ദിശയിൽ മുന്നേറൂ എന്നും പ്രധാനമന്ത്രി വ്യക്തമാക്കിയതായി വിദേശകാര്യ സെക്രട്ടറി പറഞ്ഞു. 2020 ജൂണിലെ ഗൽവാൻ താഴ്വരയിലെ സൈനിക ഏറ്റുമുട്ടലിനു ശേഷം, മോശമായ ബന്ധങ്ങൾ പുനസ്ഥാപിക്കാൻ ഇരുരാജ്യങ്ങളും ചർച്ചകൾ തുടരുന്ന സാഹചര്യവും പ്രധാനമന്ത്രി പരാമർശിച്ചു.**

**അതിർത്തി കടന്നുണ്ടാകുന്ന ഭീകരപ്രവർത്തനങ്ങൾ നേരിടാൻ പരസ്പര സഹായം നൽകുന്ന വിഷയവും അദ്ദേഹം ഉന്നയിച്ചു. ഇന്ത്യ- ചൈന അഭിപ്രായ ഭിന്നതകൾ സംഘർഷങ്ങളിലേക്ക് വളരാൻ അനുവദിക്കരുതെന്ന് ഇരുനേതാക്കളും ഒരേ നിലപാട് അറിയിച്ചുവെന്നും മിസ്രി പറഞ്ഞു. ഇന്നലെ മ്യാൻമാർ സീനിയർ ജനറൽ മിൻ ഓങ് ഹ്ലെയിംഗുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തി.**

✪✪✪

**രാഷ്ട്രപതി ദ്രൗപതി മുർമുവിന്റെ മൂന്ന് ദിവസത്തെ കർണാടക, തമിഴ്നാട് സന്ദർശനം ഇന്നാരംഭിക്കും. മൈസൂരുവിലെ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിങ്ങിന്റെ വജ്രജൂബിലി ആഘോഷങ്ങളിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ ചെന്നൈയിൽ സിറ്റി യൂണിയൻ ബാങ്കിന്റെ 120-ാമത് സ്ഥാപക ദിനാഘോഷത്തിൽ പങ്കെടുക്കുന്ന രാഷ്ട്രപതി, തമിഴ്നാട് കേന്ദ്ര സർവകലാശാലയുടെ പത്താം ബിരുദദാന സമ്മേളനത്തിലും പങ്കെടുക്കും.**

✪✪✪

**സ്കൗട്ട്സ് ആന്റ് ഗൈഡ്സ്, റോവേഴ്സ്, റേഞ്ചേഴ്സ് എന്നിവർക്ക് രാഷ്ട്രപതിയുടെ അവാർഡ് സർട്ടിഫിക്കറ്റുകൾ കേന്ദ്രമന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ ന്യൂഡൽഹിയിൽ സമ്മാനിച്ചു. രാജ്യസേവനത്തിലേക്ക് വിദ്യാർത്ഥികളെ നയിക്കാനും, രാജ്യസ്നേഹം വർദ്ധിപ്പിക്കാനും സ്കൗട്സ് ആന്റ് ഗൈഡ്സ് അടക്കം സംഘടനകൾക്ക് സാധിക്കുന്നുണ്ടെന്ന് മൻസൂഖ് മാണ്ഡവ്യ പറഞ്ഞു.**

✪✪✪

**US ലേക്ക് തപാൽസേവനങ്ങൾ തൽക്കാലം നിർത്തിവെച്ചതായി തപാൽവകുപ്പ് അറിയിച്ചു. അമേരിക്കയിലേക്ക് മെയിൽ എത്തിക്കുന്നതിന് നിലവിൽ സാധ്യമാകാത്തതിനെ തുടർന്നാണ് നടപടിയെന്ന് തപാൽ വകുപ്പ് അറിയിച്ചു. കത്തുകൾ, രേഖകൾ, നൂറ് ഡോളർ വരെ വില വരുന്ന സമ്മാന ഇനങ്ങൾ എന്നിവയടക്കം സേവനങ്ങളാണ് തൽക്കാലം നിർത്തിയത്. ഇതിനകം ബുക്ക് ചെയ്തതും, അയക്കാൻ കഴിയാത്തതുമായ ഇനങ്ങളുടെ തപാൽ റീ ഫണ്ട് ഉപഭോക്താക്കൾക്ക് ലഭ്യമാക്കും.**

✪✪✪

**എണ്ണക്കമ്പനികൾ വാണിജ്യ LPG സിലിണ്ടറുകളുടെ വില 51 രൂപ 50 പൈസ കുറച്ചു. 19 കിലോ വാണിജ്യ LPG സിലിണ്ടറിന് 1,580 രൂപയാണ് പുതുക്കിയ വില. എന്നാൽ ഗാർഹിക സിലിണ്ടർ വിലയിൽ മാറ്റമില്ലെന്ന് കമ്പനികൾ അറിയിച്ചു.**

✪✪✪

**രാജസ്ഥാൻ കേന്ദ്രമായി പ്രവർത്തിക്കുന്ന 'ഫൗണ്ടേഷൻ ടു എജുക്കേറ്റ് ഗേൾസ് ഗ്ലോബലി ' എന്ന സംഘടനയ്ക്ക് 2025 ലെ മഗ്സാസെ പുരസ്കാരം ലഭിച്ചു. ഇന്ത്യയിലെ ഗ്രാമീണ മേഖലയിൽ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന പെൺകുട്ടികളുടെ ഉന്നമനത്തിനുവേണ്ടി ലാഭേച്ഛയില്ലാതെ പ്രവർത്തനം നടത്തിയതിനാണ് പുരസ്കാരം.**

**ഏഷ്യയിലെ നോബൽ സമ്മാനം എന്ന് വിശേഷിപ്പിക്കുന്ന രമൺ മഗ്സാസെ പുരസ്കാരം ലഭിക്കുന്ന ആദ്യ ഇന്ത്യൻ സംഘടനയാണിത്. 2007 ൽ സഫീന ഹുസൈൻ ആണ് ഫൗണ്ടേഷൻ ടു എജുക്കേറ്റ് ഗേൾസ് ഗ്ലോബലി എന്ന സംഘടന സ്ഥാപിച്ചത്. അറുപത്തേഴാമത് രമൺ മഗ്സസെ പുരസ്കാരം നവമ്പർ ഏഴിന് മനില മെട്രോപോളിറ്റൻ സിറ്റി തിയേറ്ററിൽ നടത്തും.**

✪✪✪

**സംസ്ഥാനത്ത് കിഫ്ബി സഹായം പ്രയോജനപ്പെടുത്തിയതിലൂടെ ഒരിക്കലും നടപ്പാകില്ലെന്ന് കരുതിയ പല പദ്ധതികളും പ്രാവർത്തികമാക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. അതിൽ പ്രധാനപ്പെട്ട ഒന്നാണ് വയനാട് തുരങ്കപാതയെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. പാതയുടെ നിർമ്മാണം ആനക്കാംപ്പൊയിൽ സെന്റ് മേരീസ് സ്കൂൾ ഗ്രൗണ്ടിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. വിഴിഞ്ഞം തുറമുഖം, ഗെയിൽ വാതക പൈപ്പ് ലൈൻ, പെരുമൺ പവർ ഹൈവേ, ദേശീയപാത, ജലപാത തുടങ്ങിയ പദ്ധതികൾ നിരവധി പ്രതിസന്ധികൾ തരണം ചെയ്ത് പൂർത്തിയാക്കാൻ ഗവൺമെന്റിന് സാധ്യമായെന്നും മുഖ്യമന്ത്രി പറഞ്ഞു.**

✪✪✪

**ഹിമാചൽ പ്രദേശിൽ കുടുങ്ങിയ 18 മലയാളി ടൂറിസ്റ്റുകൾക്ക് സുരക്ഷ ഉറപ്പാക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ, ഹിമാചൽ മുഖ്യമന്ത്രി സുഖ് വിന്ദർ സിംഗ് സുഖുവിനോട് അഭ്യർത്ഥിച്ചു. മിന്നൽ പ്രളയത്തെ തുടർന്ന് കൽപ്പ എന്ന സ്ഥലത്താണ് മലയാളികൾ കുടുങ്ങിയത്. ഇവരെ രക്ഷിപ്പെടുത്താൻ അടിയന്തര ഇടപ്പെടൽ ഉണ്ടാവണമെന്ന് മുഖ്യമന്ത്രി ആവശ്യപ്പെട്ടു. മിന്നൽ പ്രളയം ഉണ്ടായ ഹിമാചൽ പ്രദേശിലെ ജനങ്ങൾക്ക് കേരളത്തിന്റെ ഐക്യദാർഢ്യവും മുഖ്യമന്ത്രി അറിയിച്ചു.**

**✪✪✪**

**15-ാം കേരള നിയമസഭയുടെ 14-ാം സമ്മേളനം സെപ്റ്റംബർ 15 ന് ആരംഭിക്കും. സെപ്റ്റംബർ 20 മുതൽ 28 വരെ ഇടവേളയ്ക്കു ശേഷം 29ന് സഭ പുനരാരംഭിക്കും. ഒക്ടോബർ ഒന്നു മുതൽ അഞ്ചു വരെയും ഇടവേളയായിരിക്കും. ഒക്ടോബർ പത്തു വരെയാണ് നിയമസഭ സമ്മേളിക്കുന്നത്.**

**✪✪✪**

**അമീബിക് മസ്തിഷ്കജ്വരം ബാധിച്ച് കോഴിക്കോട്' മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന കുഞ്ഞ് മരിച്ചു. ഓമശ്ശേരിയിലെ ദമ്പതികളുടെ മൂന്ന് മാസം പ്രായമായ കുഞ്ഞാണ് മരിച്ചത്. ഒരു മാസമായി ചികിത്സയിലായിരുന്നു.**

**✪✪✪**

**പരിശോധനയിലൂടെ അമീബിക് കേസുകൾ കണ്ടുപിടിക്കുന്നത് കൊണ്ടാണ് കേരളത്തിൽ അമീബിക് മസ്തിഷ്ക ജ്വരം കുടുതലായി റിപ്പോർട്ട് ചെയ്യുന്നതെന്ന് മന്ത്രി വീണാ ജോർജ് അറിയിച്ചു. കോഴിക്കോട്ട് ഹെൽത്ത് കോൺക്ലേവിൽ സംസാരിക്കുകയായിരുന്നു മന്ത്രി.**

**കൃത്യമായ പരിശോധനയും മെച്ചപ്പെട്ട ചികിൽസയും ഉറപ്പാക്കുന്നതിലൂടെ 97 ശതമാനം വരെ കണക്കാക്കുന്ന മരണനിരക്ക് കേരളത്തിൽ കുറയ്ക്കാനായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.**

**✪✪✪**

**നവീകരണം പൂർത്തീയായ പാലക്കാട്, വാളയാർ ജലസേചന പദ്ധതി കനാലുകൾ രാവിലെ എലപ്പുള്ളിയിൽ മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യും. 16 കോടി രൂപ ചെലവിലാണ് നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കിയത്.**

**ജൽ ജീവൻ മിഷൻ പദ്ധതിയിൽ കോട്ടായി ഗ്രാമ പഞ്ചായത്തിൽ പൂർത്തീകരിച്ച കുടിവെള്ള പദ്ധതിയും മന്ത്രി ഉദ്ഘാടനം ചെയ്യും.**

**✪✪✪**

തുടർച്ചയായ മഴയിൽ സംസ്ഥാനത്തെ അണക്കെട്ടുകളിലെ ജലശേഖരം 80 ശതമാനമായി ഉയർന്നു. KSEB യുടെ കീഴിലെ ഇടുക്കി അടക്കം അണക്കെട്ടുകളിൽ 3280 ദശലക്ഷം യൂണിറ്റിലധികം വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ വെള്ളമുണ്ട്.

ഇടുക്കിയിൽ നിന്ന് ജില്ലാപ്രതിനിധി രതീഷ് കൃഷ്ണ.

............(വോയ്സ്)...............

✪✪✪

ബിഹാറിലെ രാജ്ഗിറിൽ ഏഷ്യാ കപ്പ് ഹോക്കി ചാമ്പ്യൻഷിപ്പിൽ ഇന്ത്യ ജപ്പാനെ രണ്ടിനെതിരെ മൂന്ന് ഗോളുകൾക്ക് തോൽപ്പിച്ച് ടൂർണ്ണമെന്റിൽ തുടർച്ചയായ രണ്ടാം ജയം നേടി. മൻദീപ്സിങ്ങിന്റെ ഒരു ഗോളിന്റെയും ക്യാപ്റ്റൻ ഹർമൻ പ്രീത്സിംഗിന്റെ രണ്ടു ഗോളിന്റെയും മിന്നുന്ന പ്രകടനത്തിലായിരുന്നു ഇന്ത്യയുടെ ജയം. ഇന്ന് വൈകിട്ട് ഏഴരയ്ക്ക് ഇന്ത്യ കസാക്കിസ്ഥാനെ നേരിടും.

✪✪✪

തിരുവനന്തപുരത്ത് കേരള ക്രിക്കറ്റ് ലീഗിൽ ഏരീസ് കൊല്ലം സെയ്ലേഴ്സ്, അദാനി ട്രിവാൻഡ്രം റോയൽസിനെ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി.

രണ്ടാമത്തെ മത്സരത്തിൽ കൊച്ചി ബ്ലൂ ടൈഗേഴ്സ് ആലപ്പി റിപ്പിൾസിനെ ഏഴു വിക്കറ്റിന് തോൽപ്പിച്ചു.

ഇന്ന് ഉച്ചകഴിഞ്ഞ് രണ്ടരയ്ക്ക് തൃശ്ശൂർ ടൈറ്റൻസ് ആലപ്പി റിപ്പിൾസിനെയും വൈകിട്ട് 6.45 ന് കാലിക്കറ്റ്ഗ്ലോബ്സ്റ്റാർസ് , ഏരീസ് കൊല്ലത്തെയും നേരിടും.

✪✪✪

യാത്രക്കാരുടെ തിരക്ക് പരിഗണിച്ച് കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് അധിക ആഭ്യന്തര സർവീസുകൾക്ക് ഇന്ന് തുടക്കമാവും.

കണ്ണൂരിൽ നിന്ന് ജില്ലാ പ്രതിനിധി K.O.ശശിധരൻ.

.....(വോയ്സ്)..............

✪✪✪

കണ്ണൂർ കണ്ണപുരം കീഴറയിൽ ഒരാളുടെ മരണത്തിനിടയാക്കിയ സ്ഫോടനക്കേസിൽ അറസ്റ്റിലായ അനൂപ് മാലിക്കിനെ കണ്ണൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി റിമാൻഡ് ചെയ്തു. സ്ഫോടനത്തിൽ

ഇയാളുടെ ഭാര്യാ സഹോദരൻ മുഹമ്മദ് അഹ്സാം ആണ് മരിച്ചത്. ഇവർ വാടകയ്ക്ക് എടുത്ത വീട് പൂർണമായും തകർന്നിരുന്നു.

✪✪✪

ഉത്സവകാല യാത്രാ തിരക്ക് മുൻനിർത്തി തിരുവനന്തപുരത്തിനും സാന്ദ്രഗച്ചിയ്ക്കുമിടയിൽ സെപ്റ്റംബർ അഞ്ചു മുതൽ ഒക്ടോബർ 17 വരെ ഏഴ് പ്രത്യേക ട്രെയിൻ സർവീസുകൾ നടത്തുമെന്ന് റെയിൽവെ അറിയിച്ചു. വെള്ളിയാഴ്ചകളിൽ വൈകിട്ട് 4-20 നായിരിക്കും തിരുവനന്തപുരത്തു നിന്ന് സർവീസ് തുടങ്ങുന്നത്.

✪✪✪

സംസ്ഥാനത്ത് മഴയുടെ ശക്തി കുറഞ്ഞു. ഇന്ന് ഒരു ജില്ലയിലും ജാഗ്രതാ നിർദ്ദേശമില്ല.

✪✪✪

BJP കോഴിക്കോട് മേഖലാ ശിൽപ്പശാല ഇന്ന് കണ്ണൂരിൽ നടത്തും. മണ്ഡലം ജനറൽ സെക്രട്ടറിമാർ, ഭാരവാഹികൾ എന്നിവരുൾപ്പെടെ നാനൂറോളം പേർ പങ്കെടുക്കും. രാവിലെ BJP ദേശീയ നിർവ്വാഹക സമിതിയംഗം P.K കൃഷ്ണദാസ് ഉദ്ഘാടനം ചെയ്യും.

✪✪✪

---

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*NRTs : രജിന കെ*
*DEO : ഷീബ*